14/2/22

5/2/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 1783(1)/2021/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 14729/SIC-G4/2021)**

സന്നിഹിതൻ

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 ഫെബ്രുവരി 5**

ശ്രീ. അജയകുമാർ ജെ.,
പഴവണി, ആറ്റിൻപുറത്ത് വീട്,
ശംഭുതാങ്ങി, കുറ്റിച്ചൽ പി.ഒ.,
തിരുവനന്തപുരം – 695 574. } അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സൂപ്രണ്ട്,
ജില്ലാ ട്രാൻസ്പോർട്ട് ഓഫീസ്,
കെ.എസ്.ആർ.ടി.സി., കാട്ടാക്കട,
തിരുവനന്തപുരം.
2) അപ്പീൽ അധികാരി &
ജില്ലാ ട്രാൻസ്പോർട്ട് ഓഫീസർ,
കെ.എസ്.ആർ.ടി.സി., കാട്ടാക്കട,
തിരുവനന്തപുരം. } എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 05/07/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 04/08/2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 17/08/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 02/09/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 05/11/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 12/11/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 09/12/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 24/12/2021 |
| ഹിയറിംഗ് നടന്ന തീയതി | 01/02/2022 –വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

ശ്രീ. അജയകുമാർ ജെ., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് അവ്യക്തവും കളവായതുമായ മറുപടിയാണ് നൽകിയതെന്നും തുടർന്ന് നൽകിയ അപ്പീൽ അപേക്ഷയ്ക്കും എസ്.പി.ഐ.ഒ. നൽകിയ അതേ മറുപടിയാണ് നൽകിയതെന്നും ആയതിനാൽ അപേക്ഷയിൽ ആവശ്യപ്പെട്ട

വിവരങ്ങളും രേഖകളും ലഭ്യമാക്കുന്നതിനും രേഖകൾ നൽകാൻ കാലതാമസം വരുത്തിയതിന് 500/- രൂപാ ക്രമത്തിൽ പിഴ ഈടാക്കി, അപ്പീൽ അധികാരിക്കെതിരെ ശിക്ഷാനടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 05.07.2021-ന് സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളും രേഖകളും നൽകണമെന്നാണ്.

1) 26.3.2021-ൽ കാട്ടാക്കട ഡിപ്പോയിലെ (കെ.എസ്.ആർ.ടി.സി) ബസ്സുകൾ അന്തിയൂർക്കോണത്തു വച്ച് (ആർ.പി.സി.253 ഉം ആർ.എസ്.എം 661 ഉം) ഉണ്ടായ അപകടത്തിനെക്കുറിച്ച് കാട്ടാക്കട കെ.എസ്.ആർ.ടി.സി. യൂണിറ്റിലെ ഇൻസ്പെക്ടർ അന്വേഷണം നടത്തി വകുപ്പ് മേധാവിക്ക് നൽകിയ അന്വേഷണ റിപ്പോർട്ട് പകർപ്പുകൾ, മൊഴി പകർപ്പുകൾ, മറ്റ് അനുബന്ധ രേഖകളുടെ പകർപ്പുകൾ, ടി അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി. കാട്ടാക്കട യൂണിറ്റ് എ.ടി.ഒ./ എ.ഡി.ഇ എന്നിവർ സ്വീകരിച്ച നടപടി വിവരങ്ങൾ
2) ടി അപകടത്തിൽപ്പെട്ട ആർ.പി.സി.253, ആർ.എസ്.എം 661 എന്നീ ബസ്സുകളുടെ 26/3/2021 തീയതിയിലെ ലോഡ് ഷീറ്റ്, വേ ബിൽ കോപ്പികളുടെ പകർപ്പ് നൽകണമെന്നും
3) മേൽപ്പടി അപകടത്തിൽപ്പെട്ട ആർ.പി.സി.253, ആർ.എസ്.എം 661 എന്നീ ബസ്സുകൾക്ക് ഉണ്ടായ കേടുപാടുകളുടെ നഷ്ടം ടിയാനിൽ നിന്നും ഈടാക്കാൻ ബന്ധപ്പെട്ട അധികാരികൾ നൽകിയ റിപ്പോർട്ടിന്റെ പകർപ്പ്, ടി റിപ്പോർട്ടിൽ സ്വീകരിച്ച നടപടി പകർപ്പുകൾ തുടങ്ങി 8 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 04.08.2021 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. തുടർന്ന് ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത് ടിയാന്റെ അപേക്ഷയ്ക്ക് നൽകിയ മറുപടി കളവും തെറ്റിദ്ധരിപ്പിക്കുന്നതുമാണെന്നാണ്. മേൽപ്പടി അപ്പീൽ അപേക്ഷയ്ക്ക് രണ്ടാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ. ജെ. അജയകുമാറിന്റെ 6.7.2021-ലെ പ്രഥമ അപേക്ഷ സംബന്ധിച്ച് പരാതിയിൽ ആവശ്യപ്പെട്ട 5, 6, 7 ചോദ്യങ്ങൾക്ക് യൂണിറ്റിൽ ലഭ്യമായ മറുപടി 17.9.2021-ൽ ടിയാന് കൈമാറിയിട്ടുള്ളതാണെന്നാണ്.

5. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷ 6.7.2021-ന് ടി ഓഫീസിൽ ലഭിച്ചിട്ടുള്ളതാണെന്നും ബന്ധപ്പെട്ട സെക്ഷനുകളിൽ നിന്നും രേഖകൾ പരിശോധിച്ച്

ലഭ്യമായ മറുപടി 5.8.2021–ന് ശ്രീ.അജയകുമാർ ജെ., ഡ്രൈവർ– ഗ്രേഡ്2, കെ.എസ്.ആർ.ടി.സി–ക്ക് കൈമാറിയിട്ടുള്ളതുമാണെന്നും ടിയാൻ 5.7.2021–ൽ യൂണിറ്റിൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയുടെയും ടിയാന് 5.8.2021–ന് ടി ഓഫീസിൽ നിന്നും നൽകിയ മറുപടിയുടെയും പകർപ്പുകൾ ഉള്ളടക്കം ചെയ്തിട്ടുണ്ടെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചിരിക്കുന്നത് ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്കും, ഒന്നാം അപ്പീൽ അപേക്ഷയ്ക്കും നൽകിയ മറുപടികൾ അവ്യക്തവും കളവുമാണെന്നാണ്. എന്നാൽ എപ്രകാരമുള്ള തെറ്റായ മറുപടിയാണ് എതിർകക്ഷി നൽകിയതെന്ന് ഹർജിക്കാരൻ വ്യക്തമാക്കിയിട്ടില്ല. മാത്രമല്ല ഇക്കാര്യത്തിൽ കമ്മീഷൻ ഹിയറിംഗ് വച്ചിരിക്കുന്ന 1.2.2022–ന് ഹർജിക്കാരന് ഡ്യൂട്ടിയുള്ളതിനാൽ ഹിയറിംഗ് മാറ്റിവെയ്ക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് 12.01.2022–ന് കമ്മീഷനിൽ അപേക്ഷ ഹാജരാക്കിയതല്ലാതെ ടിയാനെ ബന്ധപ്പെടുന്നതിനുള്ള ഫോൺ നമ്പർ ലഭ്യമാക്കിയിട്ടില്ല. അതുപോലെതന്നെ എതിർകക്ഷികൾ യഥാസമയം ഹർജിക്കാരന് മറുപടി ലഭ്യമാക്കിയതായി കാണുന്നുവെങ്കിലും വിവരാവകാശ അപേക്ഷയ്ക്കുള്ള മറുപടിയിലും ഒന്നാം അപ്പീൽ തീർപ്പിലും അപ്പീൽ അധികാരിയുടെ മേൽവിലാസം തെറ്റായും അപ്പീൽ സമർപ്പിക്കേണ്ട കാലാവധി രേഖപ്പെടുത്താതെയുമാണ് മറുപടി നൽകിയിട്ടുള്ളതെന്നും ഹർജിയുമായി ബന്ധപ്പെട്ട് എതിർകക്ഷികൾ കമ്മീഷനിൽ ലഭ്യമാക്കിയ റിപ്പോർട്ടുകൾ വളരെ ലാഘവത്തോടെ തയ്യാറാക്കിയതാണെന്നും കമ്മീഷന് ബോധ്യമാകുന്നു. ആയതിനാൽ വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷകൾ കൈകാര്യം ചെയ്യുമ്പോഴും, റിപ്പോർട്ടുകൾ സമർപ്പിക്കുമ്പോഴും ഭാവിയിൽ എതിർകക്ഷികൾ കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു. വിവരാവകാശ അപേക്ഷയ്ക്ക് എതിർകക്ഷികൾ നൽകിയ മറുപടിയിൽ ഹർജിക്കാരൻ ആക്ഷേപം ഉന്നയിച്ചിട്ടുള്ള സാഹചര്യത്തിൽ ബന്ധപ്പെട്ട രേഖകൾ നേരിട്ട് പരിശോധിക്കുന്നതിനുള്ള അവസരം ഒന്നാം എതിർകക്ഷി ഹർജിക്കാരന് നൽകേണ്ടതാണെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം അപ്പീൽ ഹർജി ഇന്നേ ദിവസം 2022 ഫെബ്രുവരി 5–ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി